**പതിനഞ്ചാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 216** **07.06.2021 ൽ മറുപടിക്ക്**

## മഞ്ചേശ്വരം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ എ കെ എം അഷ്റഫ് | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ, ഒരു താലൂക്ക് ആശുപത്രിയ്ക്ക് വേണ്ടുന്ന സ്റ്റാഫ് തസ്തികകൾ സൃഷ്ടിക്കാത്തതിനാൽ ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | 23.01.2018 ലെ സ.ഉ(സാധാ) നം.258/2018/ആ.കു.വ എന്ന ഉത്തരവ് പ്രകാരം പുതുതായി രൂപീകരിച്ച താലൂക്കുകളിലെ സാമൂഹികാരോഗ്യകേന്ദ്രങ്ങളെ താലൂക്കാസ്ഥാന ആശുപത്രികളിലായി ഉയർത്തിയതിൽ മഞ്ചേശ്വരം താലൂക്കിലെ മംഗൾപ്പാടി സാമൂഹികാരോഗ്യ കേന്ദ്രത്തെയും താലൂക്കാശുപത്രിയായി ഉയർത്തുകയുണ്ടായി. ആർദ്രം പദ്ധതി പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ -1, ജൂനിയർ കൺസൾട്ടന്റ് -മെഡിസിൽ-1, ക്വാഷാലിറ്റി മെഡിക്കൽ ആഫീസർ-4, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 1 &2-2, സ്റ്റാഫ് നഴ്സ്-4,ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. . |
| (ബി) | പ്രസ്തുത താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടേയും നഴ്സ് മാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും തസ്തികകൾ സൃഷ്ടിച്ച് നിയമനം ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; | | |
| (സി) | മഞ്ചേശ്വരം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കിഫ്ബിയിൽ നിന്നും അനുവദിച്ച പ്രവൃത്തിയുടെ പൂർത്തികരണത്തിന് വേഗത്തിൽ നടപടി സ്വീകരിക്കുമോ? | (സി) | ടി ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിൽപ്പെടുത്തി 17,47,02,602/- രൂപയുടെ ഭരണാനുമതി നൽകി KITCO-യെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നു.പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും 13.74 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി പ്രവർത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

Hari

സെക്ഷൻ ഓഫീസർ